(സി) നടപ്പുസാമ്പത്തിക വർഷം സംസ്ഥാന പദ്ധതികൾക്കായി 638.90 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1444.20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതികൾക്കായി 1005.00 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 3215.10 ലക്ഷം രൂപയും വകകൊള്ളിക്കുന്നതിനാണുദ്ദേശിക്കുന്നത്.

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ

9 [477] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം ആവശ്യപ്പെട്ടുകൊണ്ട് മിൽ ഭരണസമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ;

(സി) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മുൻ ഭരണസമിതിയുടെ കാലത്ത് യു.ടി.ഐ.-യിൽ പണം നിക്ഷേപിച്ചത് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) യു.ടി.ഐ.-യിൽ പണം നിക്ഷേപിച്ചതുമൂലം മില്ലിന് എന്ത് നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി) അന്വേഷണം നടന്നുവരുന്നു.

(ഡി) യു.ടി.ഐ. നിക്ഷേപം മൂലം പലിശ നഷ്ടമടക്കം 41,01,206 രൂപയോളം നഷ്ടമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിക്കാൻ നടപടി

10 [481] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റീസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly